പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. *492      18.05.2017 ൽ മറുപടിക്ക്

## ഏകീകൃത ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി നിയമന പ്രക്രിയ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഇ.പി.ജയരാജൻ<br>,, ഡി.കെ. മുരളി<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) ഏകീകൃത ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി, പരമ്പരാഗതേതര തസ്തികകളിലേയ്ക്കുള്ള നിയമനം സമയബന്ധിതമായി നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ നിയമന പ്രക്രിയ ത്വരിതപ്പെടുത്താനാവശ്യമായ നിർദ്ദേശം നൽകുമോ; | (എ) കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ദേവസ്വം കമ്മീഷണർ ഉൾപ്പെടെയുള്ള വിവിധ തസ്തികകളിലേക്ക് വഴിവിട്ട നിയമനത്തിന് നീക്കം നടത്തുന്നുവെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ, അക്കാര്യത്തെക്കുറിച്ച് പരിശോധന നടത്തിയിരുന്നോ; | (ബി) തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണറെ നിയമിക്കുന്നതിനായി സർക്കാർ നൽകിയ പാനൽ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. ദേവസ്വം കമ്മീഷണർ തസ്തികയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് നേരിട്ട് നിയമനം നടത്തിയതിലെ അപാകത സംബന്ധിച്ച് ബഹു. ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| (സി) പരമ്പരാഗത തസ്തികകൾ ഉൾപ്പെടെയുള്ളവ, പുറംകരാർ വ്യവസ്ഥയിൽ നികത്താൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് നീക്കം നടത്തുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇതേക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ? | (സി) തസ്തികകൾ പുറം കരാർ വ്യവസ്ഥയിൽ നിയമിക്കുന്നതിന് ദേവസ്വം ബോർഡ് തീരുമാനിച്ചിട്ടില്ല. എന്നാൽ അനാവശ്യ തസ്തികകൾ ക്രമപ്പെടുത്തുന്നതിനുള്ള പഠനം നടന്നു വരുന്നു എന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ